# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1136

06/06/2018-ൽ മറുപടിയ്ക്ക്

## നവജീവൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി : | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ വകുപ്പ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള നവജീവൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ബഹു.ഗവർണറുടെ 2017 ലെ നയപ്രഖ്യാപനത്തിൽ സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി "നവജീവൻ" എന്ന പേരിൽ മുതിർന്ന പൗരന്മാർക്കായി ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇത് സംബന്ധിച്ച് എംപ്ലോയ് മെന്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പദ്ധതിയുടെ രൂപരേഖ പരിശോധിച്ച് കേരളത്തിലെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്കായി "നവജീവൻ" എന്ന പേരിൽ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് സ.ഉ (കൈ)നം: 16/2017/തൊഴിൽ തീയതി 20/3/17 പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br>ഈ പദ്ധതിയ്ക്ക് രണ്ട് ഘടകങ്ങൾ ഉണ്ടായിരിക്കും<br>1) <u>**സ്വയംതൊഴിൽ വായ്പ സഹായ പദ്ധതി**</u><br>അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ്പ നൽകുന്നു. മുതിർന്ന പൗരന്മാർ, അവരുടെ കുടുംബത്തിനും, സമൂഹത്തിനും ഒരു ബാധ്യത എന്ന നിലയിൽ |

കണക്കാക്കപ്പെടാതിരിക്കുവാനും ജീവിതത്തിൽ ഒറ്റപ്പെടൽ നേരിടാതിരിക്കുകയും ചെയ്യുക എന്ന വിശാല ലക്ഷ്യവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

2) **ഡാറ്റാ ബാങ്ക്**

വിവിധ മേഖലകളിൽ പരിചയവും വൈദഗ്ധ്യവും ആർജ്ജിച്ചിട്ടുള്ള മുതിർന്ന പൗരന്മാരുടെ സേവനം സമൂഹത്തിന്റെ ഉന്നമനത്തിനു പ്രയോജനകരമായ രീതിയിലേക്ക് വഴി തിരിച്ചു വിടുക എന്ന ലക്ഷ്യത്തോടെ 50 വയസ്സിനു മുകളിൽ പ്രായമുള്ള ആളുകളുടെ (സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ 56 വയസ്സിനുമുകളിലുള്ളവർ) ഒരു 'ഡാറ്റാ ബാങ്ക്' തയ്യാറാക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഇവരുടെ വൈദഗ്ധ്യവും പരിചയസമ്പത്തും വിനിയോഗിക്കുക എന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു. സർക്കാർ, സർക്കാർ ഇതര ഏജൻസികൾ, പൊതുജനങ്ങൾ എന്നിവർക്ക് ഇവരുടെ സേവനം ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ വിവക്ഷിക്കുന്നത് .

| | |
|---|---|
| (ബി) നവജീവൻ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ? | (ബി) നവജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് മുതിർന്ന പൗരന്മാർ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ അനുയോജ്യമായ മേഖലകൾ ഏതൊക്കെയാണെന്നും, അവരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹനന്മയ്ക്കായി ഏതൊക്കെ മേഖലകളിൽ ഉപയുക്തമാക്കാമെന്നത് സംബന്ധിച്ച് ഒരു പഠനം സർക്കാർ അനുമതിയോടെ "കിലെ" (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ് മെന്റ്) മുഖേന നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ കരട് ചട്ടങ്ങൾ അംഗീകരിക്കുന്ന വിഷയം |

സർക്കാരിന്റെ പരിഗണനയിലുമാണ്.

2018-19 സാമ്പത്തിക വർഷത്തിൽ 50.00.000/- (അമ്പതു ലക്ഷം രൂപ മാത്രം) നവജീവൻ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ കരട് ചട്ടങ്ങൾ അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ